മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ്/പോലീസ് കേസുകൾ

276 (280) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നിലവിലെ മന്ത്രിസഭയിലെ ഏതെങ്കിലും അംഗങ്ങൾക്കെതിരെ വിജിലൻസ് പോലീസ് കേസുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെയാണ് കേസുകൾ ഉള്ളത് ; പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(സി) മന്ത്രിമാർക്കെതിരെ വിജിലൻസിൽ പരാതി നിലവിലുണ്ട് ; എങ്കിൽ ആർക്കെല്ലാം എതിരെ ഏതെല്ലാം വിഷയത്തിൽ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. നിലവിലെ മന്ത്രിസഭയിലെ ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടികെതിരെ ഒരു പോലീസ് കേസ് നിലവിലുണ്ട്.

ശ്രീ. അടൂർ പ്രകാശ് :

2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയായിരിക്കേ ശ്രീ. വി. രാജുവുമായി (മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി Authorised Wholesale Dealer ക്കുവേണ്ടി അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് വി.സി.02/2008/എൻ.ആർ.കെ നമ്പരായി രജിസ്റ്റർ ചെയ്യുകയും ഈ കേസിൽ 28-2-2011-ൽ കുറ്റപത്രം സമർപ്പിക്കുകയും അതിനുശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.

ശ്രീ. പി. ജെ. ജോസഫ്:

1997-ൽ റവന്യൂ വകുപ്പുമന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുർവിനിയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭമുണ്ടാക്കിയെന്നതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ) നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി:

ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണി, ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിൽ ഒരു വിജിലൻസ് അന്വേഷണം (വി.സി. 06/2014/എസ്.ഐ.യു-I) നടത്തിവരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ Fort PS Cr.No.130/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണാവസ്ഥയിലാണ്.

(സി) ശ്രീ. അടൂർ പ്രകാശ്, ശ്രീ. കെ. എം. മാണി, ശ്രീ. പി. ജെ. ജോസഫ് എന്നീ മന്ത്രിമാർക്കെതിരെയുള്ള ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

വിവിധ ജയിൽ വികസന പ്രവർത്തനങ്ങൾ

277 (281) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജയിലുകളുടെ ആധുനികവൽക്കരണത്തിനും ജയിൽ വികസനത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിക്കുകയുണ്ടായി ;

(ബി) നടപ്പിലാക്കിയ ജയിൽ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ;

(സി) നടപ്പിലാക്കിയ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ;

(ഡി) തടവുകാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; ഓരോ പദ്ധതിയ്ക്കും എത്ര തുക വീതം ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നടത്തിയ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. *

(സി) വിശദാംശങ്ങൾ അനുബന്ധം III-ൽ ചേർത്തിരിക്കുന്നു. *

(ഡി) വിശവിവരം അനുബന്ധം IV-ൽ ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.